# INDIAN SCHOOL AL MAABELA

## (ISO 9001:2015 CERTIFIED INSTITUTION)
## SAMPLE QUESTION PAPER 2019 - 2020
## MALAYALAM 2nd LANGUAGE

*ISAM/FR/MDL/QP/02*

**Class:VIII** **Max. Marks: 80**
**Date: / /2019** **Time: 3 Hours**

*General Instructions:*

*The question paper is divided into four sections:*

| | | | | |
|---|---|---|---|---|
| *Section A* | : | *Reading Comprehension* | : | *10 Marks* |
| *Section B* | : | *Writing* | : | *12 Marks* |
| *Section C* | : | *Grammar* | : | *24 Marks* |
| *Section D* | : | *Literature* | : | *34 Marks* |

### എ - വിഭാഗം / *Section A*

**I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെഴുതുക.**

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, തൻെറ ജീവിതം തന്നെ സമൂഹത്തിനുള്ള മഹത്സന്ദേശമാക്കി മാറ്റിയ മഹാനാണ്. വ്യക്തി ശുചിത്വവും പരിസരശുചിത്വവും സമൂഹം പാലിക്കേണ്ട ഒരു പ്രധാന ധർമ്മമാണെന്ന് ഗാന്ധിജി സ്വന്തം പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു. ഭാരതം കുടികൊള്ളുന്നത് ഗ്രാമങ്ങളി ലാണെന്ന് പറഞ്ഞ ഗാന്ധിജിക്ക് സ്വാശ്രയഗ്രാമസങ്കൽപം പോലെതന്നെ ശുചിത്വഗ്രാമസങ്കൽപവും ഉണ്ടായിരുന്നു. സ്വന്തം ശരീരവും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം ബോധ്യപ്പെടുത്തി യിരുന്നു. ആരോഗ്യകരമായ സമൂഹത്തിൻെറ നിലനിൽപ്പിന് ശുചിത്വശീലം വളരെ പ്രധാനപ്പെട്ടതാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഗാന്ധിജിയുടെ ഈ സ്വപ്നസാക്ഷാത്ക്കാരത്തിൻെറ പൂർത്തീകരണമെന്ന നിലയിലാണ് ഇന്ത്യാ ഗവൺമെൻറ് 'സ്വച്ഛ് ഭാരത് അഭിയാൻ' ആരംഭിച്ചത്. 2014 ഒക്ടോബർ 2-നാണ് സർക്കാർ ഔദ്യോഗികമായി ഈ ശുചിത്വപരിപാടിക്ക് തുടക്കം കുറിച്ചത്. 2019-തോടുകൂടി, അതായത് ഗാന്ധിജിയുടെ 150-ാം പിറന്നാളോടു കൂടി ശുചിത്വമാർന്ന ഒരു ഭാരതം വാർത്തെടുക്കുക എന്നതാണ് ഇത് ലക്ഷ്യം



Scanned with CamScanner

വെക്കുന്നത്. 62000 കോടി രൂപയാണ് ഈ ശുചീകരണ യജ്ഞത്തിനായി സർക്കാർ നീക്കിവച്ചിട്ടുള്ളത്. ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ ശൗചാലയങ്ങൾ സ്ഥാപിക്കുക, പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുക, ഇക്കാര്യത്തിൽ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക എന്നതെല്ലാം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

a) 'സ്വച്ഛ് ഭാരത് അഭിയാൻ' ഔദ്യോഗികമായി തുടക്കം കുറിച്ചതെന്ന് ? 2

b) 'സ്വച്ഛ് ഭാരത് അഭിയാൻ' പദ്ധതിയുടെ ലക്ഷ്യങ്ങളെന്ത് ? 2

c) ഗാന്ധിജി സ്വന്തം പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തിയതെന്ത് ? 2

d) ഭാരതം കുടികൊള്ളുന്നത് എവിടെയാണെന്നാണ് ഗാന്ധിജി പറഞ്ഞത് ? 2

e) 'സ്വച്ഛ് ഭാരത് അഭിയാൻ' ലക്ഷ്യം വെക്കുന്നതെന്ത് ? 2

## ബി - വിഭാഗം / *Section B*

II

a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** 6

1 മാധ്യമങ്ങളും കുട്ടികളും

2 മാറുന്ന കേരളം – മാറുന്ന മലയാളി

3 വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

b) നിങ്ങളുടെ നാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് പ്രസിഡൻറിന് കത്ത് തയ്യാറാക്കുക 6

## സി - വിഭാഗം / *Section C*

III

a) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

1 ചൈനയും റഷ്യയും തമ്മിൽ പരസ്പരം കലഹിച്ചിരുന്നു. 1

2 നാളെ മാർട്ടിൻ പുലരുന്നതിനുമുമ്പ് എഴുന്നേറ്റു. 1



Scanned with CamScanner

b) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

1 ശൈശവത്തിൽ 1

2 എന്നതാണ് 1

3 തുള്ളിച്ചാടി 1

c) **വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക**

1 പല്ലവപുടം 1

2 പാൽവെണ്ണ 1

3 അമൂല്യപ്രതിഭ 1

d) **പര്യായപദങ്ങൾ എഴുതുക**

1 മാല 1

2 പുത്രൻ 1

3 താമര 1

e) **നാനാർഥപദങ്ങൾ എഴുതുക**

1 ഗതി 1

2 ആശ 1

3 കൂറ 1

f) **അർത്ഥവ്യത്യാസം എഴുതുക**

1 അംഗം അങ്കം 1

2 ജാലം ജലം 1

3 പ്രഭാവം പ്രഭവം 1

f) വാക്യം നിർമ്മിക്കുക

1 പ്രായശ്ചിത്തം 1

2 ഉല്ലസിക്കുക 1

IV **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക**

a) **അർത്ഥം എഴുതുക**

1 വിളയാടുക (കളിക്കുക , കേൾക്കുക, സംസാരം ) ½

2 ഉലകം ( തലയിണ, ലോകം, തലമുടി ) ½

b) **വിപരീതപദം എഴുതുക**

1 സുലഭം (ധാരാളം, ദുർലഭം, പുണ്യം ) ½

2 ഭാഗ്യം (നിർഭാഗ്യം, ദീർഘം, ദൂരം ) ½

Scanned with CamScanner

c) **ശരിയായ പദം തെരഞ്ഞെടുത്തെഴുതുക**

1 ജ്യേഷ്ടൻ, ജ്യേഷ്ഡൻ, ജ്യേഷ്ഠൻ

2 നിഖണ്ടു, നിഘണ്ടു, നികണ്ടു ½

d) **എതിർലിംഗപദം എഴുതുക**

1 തമ്പുരാൻ ( തമ്പുരാട്ടി, നങ്ങ്യാർ, അന്തർജ്ജനം ) ½

2 കൊമ്പൻ ( പെട, പിടി, പിണി ) ½

e) **ബഹുവചനരൂപം എഴുതുക**

1 കവി ( കവിമാർ, കവിന്മാർ, കവികൾ ) ½

2 വേടൻ ( വേടന്മാർ, വേടൻകൾ, വേടകൾ ) ½

## ഡി - വിഭാഗം / *Section D*

V **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക**

1 എസ്. എൻ. ഡി. പി യുടെ ആദ്യ സെക്രട്ടറിയാര് ? ½
( ആശാൻ, ഉള്ളൂർ, വള്ളത്തോൾ )

2 ഭക്തിപ്രസ്ഥാനത്തിൻെറ പ്രോദ്ഘാടകൻ എന്നറിയപ്പെടുന്നതാര് ? ½
( ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ )

3 പാർത്ഥിവവരനിവനെന്നുടെ രാജ്യം ½
പാർത്തിരിയാതെ കരസ്ഥമതാക്കും –ഇങ്ങനെ ഭയപ്പെട്ടതാര് ?
( അർജ്ജുനൻ, ദേവേന്ദ്രൻ, ഭീമൻ )

4 'വീണപൂവ്' ഏതു സാഹിത്യപ്രസ്ഥാനത്തിൽപ്പെട്ട കൃതിയാണ് ? ½
( മഹാകാവ്യം, വിലാപകാവ്യം. ഖണ്ഡകാവ്യം )

5 'എവിടെയാണ് ആശാൻ സ്മാരകം സ്ഥിതി ചെയ്യുന്നത് ? ½
( അമ്പലപ്പുഴ, തോന്നയ്ക്കൽ, ചിറ്റൂർ )

6 ഉള്ളൂരിൻെറ കൃതിയേത് ? ½
( കർണ്ണഭൂഷണം, കർണ്ണഭാരം, കർണ്ണചരിതം )

7 ചെറുശ്ശേരി ജീവിച്ചിരുന്ന കാലഘട്ടമേത് ? ½
( 15–ാം നൂറ്റാണ്ട്, 16–ാം നൂറ്റാണ്ട്, 18–ാം നൂറ്റാണ്ട് )

8 ആരുടെ നിർദ്ദേശപ്രകാരമാണ് കൃഷ്ണഗാഥ രചിച്ചത് ? ½
( ഉദയവർമ്മൻ കോലത്തിരി, ചിത്രഗുപ്തൻ, മാനവേദ രാജാവ് )

9 'കേരളസാഹിത്യചരിത്രം' എത്ര ഭാഗങ്ങളുണ്ട് ? ½
( അഞ്ച്, ഏഴ്, പതിനൊന്ന് )

10 ആട്ടക്കഥയുടെ ദൃശ്യാവിഷ്ക്കാരമേത് ? ½
( കഥകളി, ഓട്ടൻതുള്ളൽ. ചാക്യാർകൂത്ത്. )

Scanned with CamScanner

VI **ഒറ്റ വാക്കിൽ ഉത്തരമെഴുതുക**

1 എഴുത്തച്ഛൻെറ ജനനസ്ഥലം ഏത് ?

2 ഏത് ബോട്ടപകടത്തിലാണ് ആശാൻ മരിച്ചത് ? 1

3 കുമാരനാശാൻ സ്ഥാപിച്ച പ്രിൻറിംഗ് പ്രസ്സ് ഏത് ? 1

4 കർണ്ണന് കവചകുണ്ഡലങ്ങൾ നൽകിയതാര് ? 1

6 ഉള്ളൂരിൻെറ സാഹിത്യചരിത്രകൃതി ഏത് ? 1

7 'കൃഷ്ണഗാഥ'യുടെ വൃത്തമേത് ? 1

8 'വീണപൂവ്' ആദ്യമായി പ്രസിദ്ധീകരിച്ചത് ഏത് മാസികയിൽ ? 1

9 ശ്രീകൃഷ്ണൻെറ മാതാപിതാക്കൾ ആരെല്ലാം ? 1

VII **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക**

1 'വീണപൂവ്' എന്ന കവിതയിൽ കവി പൂവിൻെറ ശൈശവത്തെ എങ്ങനെ യാണ് അവതരിപ്പിക്കുന്നത് ? 2

2 അർജ്ജുനൻ സമർത്ഥനാണെന്ന് പറയുന്നത് എന്തുകൊണ്ട് ? 2

3 എഴുത്തച്ഛൻ ഏതെല്ലാം പേരുകളിലാണ് അറിയപ്പെട്ടത് ? 2

4 'കണ്ടേൻ ഞാൻ' – സൂര്യൻ എന്താണ് കണ്ടതെന്ന് വ്യക്തമാക്കുക. 2

5 അരയന്നത്തെ സുഹൃത്താക്കാൻ ദമയന്തി കണ്ടെത്തുന്ന വസ്തുതകൾ എന്തെല്ലാം ? 2

6 അമ്മ വിളിച്ചിട്ടും കണ്ണൻ ഉണ്ണാൻ ചെല്ലാതിരുന്നത് എന്തുകൊണ്ട് ? 2

VIII **നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക**

1 "താപസമന്ത്രത്തിൻ തത്ത്വപരീക്ഷയാം....." കവി ഇവിടെ ഉദ്ദേശിക്കുന്നത് എന്ത് ? 3

2 ദമയന്തിയ്ക്കു 'വഴിപിഴയ്ക്കും' എന്ന് ഹംസം പറയാൻ കാരണം എന്ത് ? 3

3 ശ്രീകൃഷ്ണൻെറ മനസ്സിൽ ഇപ്പോഴും വേദന തങ്ങിനിൽക്കാനുള്ള കാരണ മെന്ത് ? 3

*വിജയാശംസകൾ*

Scanned with CamScanner